# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5208 — 06.02.2014-ലെ മറുപടിക്ക്

### ജയിലുകളിൽ നിർമ്മിക്കുന്ന ഭക്ഷണ സാധനങ്ങളുടെ ലാഭവിഹിതം

ചോദ്യം — മറുപടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ജയിലുകളിൽ നിർമ്മിക്കുന്ന ഭക്ഷണ സാധനങ്ങളുടെ വിറ്റുവരവിനത്തിൽ 2011 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ എത്ര ലാഭമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 3,78,17,010/- (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി പത്ത് രൂപ മാത്രം) രൂപ ലാഭമുണ്ടായിട്ടുണ്ട്. |
| ബി) ഈ ലാഭത്തിന്റെ എത്ര ശതമാനമാണ് തടവുകാർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | ബി)യും സി)യും | ഭക്ഷണ നിർമ്മാണ യൂണിറ്റിൽ ജോലി ചെയ്യുന്ന ഓരോ തടവുകാരനും കാറ്റഗറി വ്യത്യാസമില്ലാതെ 117/- രൂപ (നൂറ്റി പതിനേഴ് രൂപ മാത്രം) വേജസ് ഇനത്തിൽ നല്കിവരുന്നു. ലാഭത്തിന്റെ വിഹിതം നല്കുന്നില്ല. |
| സി) തടവുകാർക്ക് കൂലിയിനത്തിൽ എത്ര രൂപയാണ് ഓരോ കാറ്റഗറിക്കാർക്കും അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| ഡി) ലാഭത്തിൽ ബാക്കിവരുന്ന തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ? | ഡി) | ലാഭവിഹിതത്തിൽനിന്നും ജയിൽ വകുപ്പിന് ആവശ്യമായ മെഷീനറികളും, മറ്റ് സാധനസാമഗ്രികളും വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ